Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 12674/AO(RMC)/2022/കെ ഡബ്ല്യു എ

തീയതി: 25.05.2022

**<u>സർക്കുലർ</u>**

വിഷയം:- കേരള വാട്ടർ അതോറിറ്റി റവന്യൂ മോണിറ്ററിംഗ് സെൽ -ഗവൺമെന്റ് കണക്ഷനുകൾ ഇ - അബാക്കസിൽ ശരിയാം വിധം മാർക്ക് ചെയ്യുന്നത് -സംബന്ധിച്ച്

സൂചന :- 1) 26/12/2012 ലെ ഗവ. ഉത്തരവ് നമ്പർ. GO(P)No.706/12/Fin
2) 17/05/2022 ൽ ബഹു. അഡിഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ നടന്ന മീറ്റിങ്ങിലെ തീരുമാനം
3)12/05/2055 ലെ ഉത്തരവ് നമ്പർ.KWA/HO/AM-16/RM.

ബഹു. ചീഫ് സെക്രട്ടറിയുടെ 19/01/2022ലെ നിർദ്ദേശമനുസരിച്ച് ഗവൺമെന്റ് വകുപ്പുകളുടെ വാട്ടർ ചാർ ജ് കുടിശ്ശിക അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും കുറവ് ചെയ്ത് അതോറിറ്റിക്ക് ലഭ്യമാക്കുന്നതിലേക്കായി ക്രോഡീകരിച്ച (Consolidated) വാട്ടർ ചാർജ് ബില്ലുകൾ എല്ലാ വകുപ്പ് മേധാവികൾക്കും മാസംതോറും നൽകേണ്ടതുണ്ട്. അതനുസരിച്ച് ഇ-അബാക്കസിൽ നിന്നും ഗവൺമെന്റ് വകുപ്പുകളുടെ വാട്ടർ ചാർജ് കുടിശിക സംബന്ധിച്ച ലിസ്റ്റ് എടുത്ത് വകുപ്പ് മേധാവികൾക്ക് ജനുവരി 2022 മുതൽ നൽകിവരുന്നു. ഇതിൽ നിന്നും കേന്ദ്രികൃത (Centralised) ബില്ലിംഗ് സംബ്രദായത്തിലേക്കു മാറേണ്ടതുണ്ട്.

എന്നാൽ ഇപ്രകാരം നൽകുന്ന ബില്ലുകളിൽ പലതും തങ്ങളുടെ വകുപ്പിന് കീഴിൽ അല്ല എന്നും തങ്ങളുടെ വകുപ്പിന് കീഴിലുള്ള ബില്ലുകൾ നൽകിയാൽ അത് പ്രകാരമുള്ള തുക അടക്കാമെന്ന് പല വകുപ്പ മേധാവികളും അറിയിച്ചിട്ടുണ്ട്. ഗാർഹികേതര വിഭാഗം കണക്ഷനുകളുടെ കുടിശ്ശികയിൽ നല്ലൊരുഭാഗവും ഗവൺമെന്റ് കണക്ഷനുകളിലേതാണ്. വാട്ടർ അതോറിറ്റിയുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇത്തരം കുടിശികകൾ എത്രയും വേഗം പിരിച്ചെടുക്കേണ്ടത് അനിവാര്യമാണ്. ഇ-അബാക്കസിൽ നിന്നും എടുക്കുന്ന കുടിശ്ശിക സംബന്ധിച്ച് ലിസ്റ്റിൽ അതാത് വകുപ്പുകളിൽ ഉൾപ്പെടാത്ത ധാരാളം കണക്ഷനുകൾ മാർക്ക് ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങൾ തെറ്റായി മാർക്ക് ചെയ്യുന്നതുമൂലം കൺസോളിഡേറ്റഡ് ബില്ലുകൾ നൽകുമ്പോൾ ബന്ധപ്പെട്ട വകുപ്പിൽ നിന്നോ, ഉൾക്കൊള്ളിച്ച വകുപ്പിൽ നിന്നോ വാട്ടർ ചാർജ് ലഭിക്കാത്ത സാഹചര്യം

Draft #1 of File 12674/AO(RMC)/2022/KWA Approved by Finance Manager & Chief Accounts Officer on 25-May-2022 01:08 PM - Page 1

സംജാതമാകും ആയതിനാൽ ഓരോ സെക്ഷൻ ഓഫീസുകളിലും സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ കണക്ഷനുകളുടെ വിവരങ്ങൾ ഇ-അബാക്കസിൽ ശരിയാംവിധം മാർക്ക് ചെയ്യേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

- ഒരു ഗവൺമെന്റ് വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമേ അതിൽ മാർക്ക് ചെയ്യാവൂ.
- ഗവൺമെന്റ് വകുപ്പുകളുടെ കൂടെ ഒരുകാരണവശാലും അർദ്ധസർക്കാർ, പൊതുമേഖല, ബോർഡ്, കോർപ്പറേഷൻ , കമ്പനികൾ തുടങ്ങിയ കണക്ഷനുകളുടെ വിവരങ്ങൾ മാർക്ക് ചെയ്യാൻ പാടുള്ളതല്ല (ഉദാഹരണത്തിന് ടൂറിസം വകുപ്പിനു കീഴിൽ KTDC, യുടെ കണക്ഷനുകൾ മാർക്ക് ചെയ്യരുത്).
- ആശുപത്രികൾ, സ്കൂളുകൾ, കോളേജുകൾ, അംഗനവാടികൾ തുടങ്ങിയ സ്ഥാപനങ്ങളുടെ വാട്ടർ ചാർജ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് അടയ്ക്കുന്നത്. അത്തരം സ്ഥാപനങ്ങളുടെ വാട്ടർ ചാർജ് ഏത് LSGD (പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി) ആണോ അടയ്ക്കുന്നത് അതിൽ മാർക്ക് ചെയ്യേണ്ടതാണ്.
- ഒട്ടനവധി ഗവൺമെന്റ് വകുപ്പുകളിലെ കണക്ഷനുകൾ അബാക്കസിൽ ഇനിയും മാർക്ക് ചെയ്യാനുണ്ട് അത് അടിയന്തരമായി ചെയ്യേണ്ടതാണ്.
- പല ഗവൺമെന്റ് കണക്ഷനുകളിലും അഡ്രസ്സ് ശരിയാം വിധം രേഖപ്പെടുത്തിയതായി കാണുന്നില്ല. ഗുരുതരമായ സ്പെല്ലിംഗ് മിസ്റ്റേക്ക്, രാജഭരണകാലത്ത് ഉള്ള അധികാരികളുടെ പേര് (Eg. Kariakkar, Sree Chithira Thinual Park, Fort, Tvpm - now with Trivandrum Corporation) എന്നിവ ഒഴിവാക്കി ഇപ്പോൾ ആരാണ് ആ കണക്ഷൻ ഉപയോഗിക്കുന്നത് അവരുടെ ശരിയായ അഡ്രസ്സ്, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തേണ്ടതാണ്. TOURISM എന്നതിന് പകരം TOURIST വകുപ്പ് എന്നാണ് ഇ-അബാക്കസിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ 80% അഡ്രസിലും (Designation ഉൾപ്പെടെ) അക്ഷരതെറ്റുകൾ ഉണ്ട്. ഇത്തരം തെറ്റ് തിരുത്തുന്നതിന് മാത്രം ഒരു ഒരു ദിവസം വേണ്ടിവരുന്നു. ഈ സ്റ്റേറ്റ്മെൻറ് അയച്ചുകൊടുക്കുന്നതു ACS/ Principal Secretary/ Secretary എന്നിവർക്കാണ് എന്നും ഓർക്കുക. അതിനാൽ എല്ലാ സർക്കാർ സ്ഥാപനങ്ങളുടെ അഡ്രസ്സും റിവ്യൂ ചെയ്തു തെറ്റ് തിരുത്തേണ്ടതാണ്
- ഇപ്രകാരം മാർക്ക് ചെയ്യാനുള്ള കണക്ഷനുകൾ 30 ദിവസത്തിനുള്ളിൽ അബാക്കസിൽ യഥാവിധി മാർക്ക് ചെയ്തുവെന്ന് മീറ്റർ റീഡർ, മീറ്റർ ഇൻസ്പെക്ടർ, ഹെഡ് ക്ലാർക്ക്, അസിസ്റ്റന്റ് എൻജിനീയർ എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ 12/05/2005 ലെ ഉത്തരവ് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.
- 01/07/2022 ന് ശേഷം ഏതെങ്കിലും നിലവിലുള്ള ഗവൺമെന്റ് കണക്ഷനുകൾ ഗവൺമെന്റ് വിഭാഗത്തിൽ മാർക്ക് ചെയ്യാൻ ഉണ്ടെങ്കിൽ അതിന്റെ പരിപൂർണ ഉത്തരവാദിത്വം ബന്ധപ്പെട്ട HC/AE ക്ക് ആയിരിക്കും.
- 30 ദിവസത്തിനുള്ളിൽ മേൽ പ്രതിപാദിച്ച പ്രവൃത്തികൾ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ് അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.
- മേൽപ്പറഞ്ഞ പ്രവർത്തികൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് ബന്ധപ്പെട്ട റവന്യൂ ഓഫീസർ/എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
- ഇക്കാര്യം സംബന്ധിച്ച് സർക്കിൾ തലത്തിലുള്ള ക്രോഡീകരിച്ച റിപ്പോർട്ട് ബന്ധപ്പെട്ട അക്കൗണ്ട് ഓഫീസർമാർ 01/07/2022 ന് മുൻപായി അക്കൗണ്ട്സ് മെമ്പർക്ക് നൽകേണ്ടതാണ്.

Draft #1 of File 12674/AO(RMC)/2022/KWA Approved by Finance Manager & Chief Accounts Officer on 25-May-2022 01:08 PM - Page 2

- എല്ലാ വകുപ്പുകളുടെയും കണക്ഷനുകൾ ഇ-അബാക്കസിൽ മാർക്ക് ചെയ്യുന്നതിന് ആവശ്യമായ ഫീൽഡുകൾ ഇ-അബാക്കസിൽ DBA നൽകേണ്ടതാണ്.

Shijith V

ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ

സ്വീകർത്താവ്

ALL CEs/ALL SEs/ALL EEs/ALL AEEs/ALL AEs

ALL AOs

പകർപ്പ്:-

PA TO MD/PA TO AM/PA TO TM

FM&CAO/ALL HCs/SF

Draft #1 of File 12674/AO(RMC)/2022/KWA Approved by Finance Manager & Chief Accounts Officer on 25-May-2022 01:08 PM - Page 3

The document is digitally approved. Hence signature is not needed.